LIBRARY ARCHIVES Kerala Legislative Assembly

ശ്രീകൃഷ്ണപുരം നിയോജകമണ്ഡലത്തിലെ പ്രധാന ജില്ലാതല റോഡുകളും വാഴേമ്പുറം വിയ്യക്കുറിശ്ശി റോഡും

68 [2958] ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശ്രീകൃഷ്ണപുരം നിയോജക മണ്ഡലത്തിൽ എത്ര മറ്റ് ജില്ലാതല റോഡുകൾ പ്രധാന ജില്ലാ റോഡുകളാക്കി ഉത്തരവിറക്കിയെന്ന് വ്യക്തമാക്കാമോ;

(ബി) അവ ഏതെല്ലാമാണെന്നും ഏതെല്ലാം ഗ്രാമപഞ്ചായത്തുകളിൽ ഉൾപ്പെടുന്നതാണെന്നും വ്യക്തമാക്കാമോ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) വാഴേമ്പുറം-വിയ്യക്കുറിശ്ശി റോഡിനെ ഉൾപ്പെടുത്താത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) വാഴേമ്പുറം-വിയ്യക്കുറിശ്ശി റോഡിനെ ഒ.ഡി.ആർ.-ൽ നിന്നും എം.ഡി.ആർ. ആക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഒൻപത് റോഡുകൾ.

(ബി) റോഡിന്റെ വിശദ വിവരങ്ങളും ഉത്തരവിന്റെ പകർപ്പും അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി ആന്റ് ഡി) വാഴേമ്പുറം-വിയ്യക്കുറിശ്ശി റോഡ് കി.മീ. 0/0-11/0 വരെ സർക്കാർ ഉത്തരവ് (സാധാരണ) നമ്പർ 231/05/പി.ഡബ്ല്യു.ഡി. തീയതി 1-3-2005 പ്രകാരം പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്.

കൊല്ലം-കൂട്ടിക്കട-മയ്യനാട് റോഡിന്റെയും പാലത്തറ-മൈലാപ്പൂർ റോഡിന്റെയും നിർമ്മാണ പ്രവർത്തനം

69 [2959] ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗതാഗതയോഗ്യമല്ലാത്ത കൊല്ലം-കൂട്ടിക്കട-മയ്യനാട് റോഡിന്റെയും പാലത്തറ-മൈലാപ്പൂർ റോഡിന്റെയും മുടങ്ങിക്കിടക്കുന്ന നിർമ്മാണ പ്രവർത്തനം എത്രയും വേഗം നടത്താൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്നത്തേക്ക് നിർമ്മാണം പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ?

---

†അനുബന്ധം IV